എന്നുള്ള രീതിയിൽ പറയുകയുണ്ടായി. അതിനെക്കുറിച്ച് പരിശോധിച്ച് അനുകൂലമായ നടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്തുവരുകയാണെന്നാണ് വ്യക്തമാക്കിയത്. വിള ഇൻഷ്വറൻസ് പദ്ധതിയുൾപ്പെടെ കേരളത്തിലെ കൃഷിമേഖലയിലെ പ്രശ്നങ്ങൾ കർഷകസംഘടനകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന വിഷയം സംബന്ധമായി ഗവൺമെന്റ് ഈ സംഘടനകളുമായി വൈകാതെതന്നെ ചർച്ചചെയ്ത് ആവശ്യമായ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, തീർച്ചയായിട്ടും ആദ്യമേർപ്പെടുത്തിയ 25 വിളകൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി കുറ്റമറ്റ രീതിയിൽ ആദ്യം നടപ്പാക്കുന്നതിന് കൃഷിക്കാരുടെ പങ്കാളിത്തം ഉറപ്പുവരുത്തുവാനുള്ള നടപടിക്കുവേണ്ടി കർഷക സംഘടനയുമായി ചർച്ചചെയ്യാൻ ഗവൺമെന്റിന് താല്പര്യമുണ്ട്. ഗവൺമെന്റിന്റെ ചർച്ചയിലിരിക്കുന്ന പദ്ധതിയുടെ എല്ലാ വശങ്ങളും യോഗത്തിൽ കർഷക സംഘടനയുമായി ചർച്ചചെയ്യാൻ ഗവൺമെന്റിന് താല്പര്യമുണ്ട്.

IV. സബ്മിഷൻ

(1) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ അധികാരങ്ങൾ സംബന്ധിച്ച ഉത്തരവ് കർശനമായി നടപ്പാക്കേണ്ടത് സംബന്ധിച്ച്

ശ്രീ. കെ. പ്രകാശ് ബാബു : സർ, ഞാൻ അവതരിപ്പിക്കുന്ന വിഷയം പൊതുവിൽ പ്രാധാന്യമുള്ള ഒരു വിഷയമാണ്. അധികാരവികേന്ദ്രീകരണ കമ്മിറ്റികളുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാന ഗവൺമെന്റ് 1998 ഫെബ്രുവരിയിൽ ഒരു ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ത്രിതല പഞ്ചായത്തുകൾക്ക് കൈമാറിയ അധികാരങ്ങളുമായി ബന്ധപ്പെട്ട അപേക്ഷകളോ മറ്റ് പേപ്പറുകളോ മന്ത്രിമാരുടെ ഓഫീസിലോ വകുപ്പ് സെക്രട്ടറിമാരുടെ ഓഫീസിലോ വകുപ്പ് മേധാവികളുടെ ഓഫീസിലോ ലഭിച്ചാൽ എങ്ങനെ കൈകാര്യം ചെയ്യണമെന്നതിനെ സംബന്ധിച്ചാണ് ആ ഉത്തരവ്. ആ ഉത്തരവിൽ പ്രധാനപ്പെട്ട രണ്ടു ഭാഗങ്ങളിൽ ആദ്യത്തെ ഭാഗം, നിലവിലുള്ള പേപ്പറുമായി ബന്ധപ്പെട്ടാണ്. രണ്ടാമത്തെ ഭാഗം അങ്ങനെ പുതുതായി ഒരു പേപ്പർ കിട്ടിയാൽ അത് എങ്ങനെ കൈകാര്യം ചെയ്യണമെന്നുള്ളതിനെക്കുറിച്ചാണ്. ഗവൺമെന്റ് ഓർഡറിൽ വളരെ ക്ലിയറായി പറഞ്ഞിരിക്കുന്നത്: 'Papers and petitions which are to be dealt with in the Local Bodies, but are received in the office of the Ministers or Administrative Department in the Secretariat or in office of the Heads of Departments will be marked to the concerned Local Bodies without being acted upon in the Secretariat or in the office of the Heads of Departments. All Administrative Departments in the Secretariat and Heads of Departments will identify such papers and issue instructions accordingly.' ഇങ്ങനെ വളരെ വ്യക്തമായി ആ ഓർഡറിനകത്ത് പറഞ്ഞിട്ടുണ്ട്. ആ ഉത്തരവ് നമ്മുടെ സെക്രട്ടേറിയറ്റിലും ഡിപ്പാർട്ടുമെന്റ് ഹെഡ് ഓഫീസുകളിലും പാലിക്കപ്പെടുന്നില്ല. മന്ത്രിമാരുടെ ഓഫീസിലായാലും സെക്രട്ടേറിയറ്റിലായാലും വകുപ്പ് മേധാവികളുടെ ഓഫീസിലായാലും അങ്ങനെ അപേക്ഷ കിട്ടിയാൽ, വളരെ ക്ലിയറായിട്ട് ആ ഉത്തരവിൽ പറഞ്ഞിരിക്കുന്നതുപോലെ 'without being

LIBRARY ARCHIVES Kerala Legislative Assembly

acted upon in the Secretariat, it will be marked directly to the concerned Local Bodies'. ഇപ്പോഴും എന്റെ കൈയിൽ 1999 മെയ് മാസം കിട്ടിയ നാലഞ്ച് ഉത്തരവുകൾ ഇരിപ്പുണ്ട്. ഡയറക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ട് എന്നുള്ളതാണ്. വളരെ ക്ലിയറായിട്ട് പറഞ്ഞിട്ടും നമ്മൾ മന്ത്രിമാരുടെ ഓഫീസിൽ കൊടുക്കുന്ന അല്ലെങ്കിൽ സെക്രട്ടറിയുടെ ഓഫീസുകളിൽ കൊടുക്കുന്ന അപേക്ഷകളിൽ പ്രത്യേക നമ്പറിട്ട് അസിസ്റ്റന്റ് രണ്ടു പേജ് നോട്ടെഴുതി എസ്.ഒ.ക്ക് കൊടുക്കും. എസ്.ഒ. നോട്ട് എഴുതി അണ്ടർ സെക്രട്ടറിക്ക് കൊടുത്തു, ഡെപ്യൂട്ടി സെക്രട്ടറിക്ക് കൊടുത്ത് ചിലതെങ്കിലും അഡീഷണൽ സെക്രട്ടറിവരെ പോയി, പിന്നെ ഡിപ്പാർട്ടുമെന്റ് ഹെഡ്ഡിന്റടുത്ത് പോയി അവിടെ ഹെഡ് ഓഫ് ദ ഡിപ്പാർട്ടുമെന്റ് ഇതേ പ്രോസസ് നടത്തി ജില്ലാ ഓഫീസിൽ എത്തും. ജില്ലാ ഓഫീസിലും കാലതാമസമുണ്ടാകുന്നു. 1998 ഫെബ്രുവരി മാസത്തിലിറക്കിയ ആ ഉത്തരവ് പൂർണ്ണമായും പാലിച്ചാൽ നമ്മുടെ സെക്രട്ടേറിയറ്റിൽ പതിനായിരക്കണക്കിന് ഫയൽ ഡിസ്പോസ് ചെയ്യാൻ കഴിയും. അവിടെ ഫയൽ കുന്നുകൂടുന്നത് ഒഴിവാക്കാൻ കഴിയും. എല്ലാ വകുപ്പുസെക്രട്ടറിമാരുടെ ഓഫീസിലും, ചില മന്ത്രിമാരുടെ ഓഫീസിലും പഴ നിലയാണ് തുടരുന്നത്. അതുകൊണ്ട് ഈ ഉത്തരവ് പാലിക്കപ്പെടുന്നതിന്, കർശനമായി പാലിക്കുന്നതിനാവശ്യമായ നടപടിയുണ്ടാകണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, അധികാരവികേന്ദ്രീകരണ കമ്മിറ്റിയുടെ ഇടക്കാല റിപ്പോർട്ടിൽ താഴെപ്പറയുന്ന കാര്യങ്ങൾ ശുപാർശ ചെയ്യുകയുണ്ടായി: കൈമാറ്റം ചെയ്യപ്പെട്ട ചുമതലകളെ സംബന്ധിച്ച് സർക്കാരിലും വകുപ്പ് അദ്ധ്യക്ഷൻമാരുടെ ഓഫീസുകളിലുമുള്ള ഫയലുകളും മറ്റ് രേഖകളും ഏതെല്ലാമെന്ന് കണ്ടെത്തി അവയുടെ ഒരു പട്ടിക തയ്യാറാക്കി ബന്ധപ്പെട്ട സെക്രട്ടറിയുടേയോ വകുപ്പദ്ധ്യക്ഷൻമാരുടേയോ അംഗീകാരത്തോടുകൂടി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകണം. ഈ പ്രക്രിയ സെക്രട്ടേറിയറ്റ് തലത്തിലും വകുപ്പദ്ധ്യക്ഷന്മാരുടെ തലത്തിലും ഒരേസമയം നടപ്പാക്കണം. നിവേദനങ്ങളിലും മറ്റ് കടലാസുകളിലും സെക്രട്ടേറിയറ്റ് തലത്തിലും വകുപ്പദ്ധ്യക്ഷന്മാരുടെ തലത്തിലും നടപടികളൊന്നും എടുക്കാതെ നേരിട്ട് ബന്ധപ്പെട്ട തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് അയച്ചുകൊടുക്കണം. ഓരോ വകുപ്പും ഇത്തരത്തിലുള്ള കടലാസുകൾ ഏതൊക്കെയാണെന്ന് കണ്ടെത്തുകയും ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നിർദ്ദേശം കൊടുക്കുകയും വേണം. ഇത്തരം നടപടികൾ മന്ത്രിമാരുടെ ഓഫീസിലും നടത്തേണ്ട ആവശ്യമുണ്ട്. ഇതോടൊപ്പംതന്നെ തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് ഇപ്രകാരം കൈമാറ്റം ചെയ്യപ്പെട്ട കടലാസുകളുടെ അനുപാതം എത്രയെന്ന് കണ്ടുപിടിക്കുന്നത് ഉപയോഗപ്രദമായിരിക്കും. വകുപ്പദ്ധ്യക്ഷന്മാർ പ്രസ്തുത കണക്ക് സമാഹരിച്ച് ഭരണപരിഷ്കാര വകുപ്പിന് ക്രോഡീകരിക്കുന്നതിനുവേണ്ടി നൽകുകയും വേണം. മേൽ ശുപാർശകളുടെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് ഈ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ജി.ഒ. (എം.എസ്.) 9/98/പി.ആന്റ്.എ.ആർ.ഡി. നമ്പരായി 11.2.1998-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ഉത്തരവനുസരിച്ച് പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി ഈ കാര്യങ്ങളിൽ അടിയന്തിരമായ നടപടികൾ കൈക്കൊള്ളാൻ ചീഫ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ചീഫ് സെക്രട്ടറി ബന്ധപ്പെട്ട സെക്രട്ടറിമാരുടെ യോഗം വിളിക്കുകയും 11.2.1998-ലെ ഉത്തരവിലെ നിർദ്ദേശങ്ങൾ ഉടനടി നടപ്പിലാക്കാൻ ആവശ്യപ്പെടുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

എല്ലാ മാസത്തിലും ചേരാറുള്ള സെക്രട്ടറിമാരുടെ യോഗത്തിൽ ഈ വിഷയം സംബന്ധിച്ച് പുരോഗതി അവലോകനം ചെയ്തുവരുന്നുണ്ട്. പല വകുപ്പുകളിലും ഇതിനകം 11.2.1998-ലെ ഉത്തരവു പ്രകാരമുള്ള നടപടികൾ എടുത്തുകഴിഞ്ഞിട്ടുണ്ട്.

(2) കേരളത്തിലെ വിമുക്തഭടന്മാരുടെ വിവിധ ആവശ്യങ്ങൾ

<u>ശ്രീ. ഇസ്ഹാക് കുരിക്കൾ</u> : സർ, വിമുക്തഭടന്മാർക്ക് സഹായങ്ങളും മാന്യമായ അംഗീകാരവും പരിഗണനകളും നൽകണമെന്ന് ബഹു. മുഖ്യ മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. എക്സ്സർവ്വീസ്മെൻ ലീഗ് ബഹു. മുഖ്യമന്ത്രിക്ക് നിവേദനങ്ങൾ നൽകിയിട്ട് ഇതുവരെ അതിന്റെ ഫലം കണ്ടിട്ടില്ല. അതിന്റെ അടിസ്ഥാനത്തിൽ അവർ കഴിഞ്ഞ 20-ാം തീയതി നമ്മുടെ സംസ്ഥാനത്ത് ധർണ നടത്തിയിരുന്നു. ഇൻഡ്യാരാജ്യത്ത് ബീഹാറും മേഘാലയയും കേരളവുമൊഴിച്ച് മറ്റു പല സംസ്ഥാനങ്ങളിലും വിമുക്തഭടൻമാർക്ക് വളരെയധികം ആനുകൂല്യങ്ങളും സഹായങ്ങളും സംസ്ഥാന സർക്കാർ നൽകിവരുന്നുണ്ട്. കരസേനയിലും വ്യോമസേനയിലും നാവികസേനയിലുമെല്ലാം ജോലി ചെയ്ത് 45 വയസ്സ് ആകുന്നതിനുമുമ്പ് തിരിച്ചയക്കപ്പെടുന്നവരുടെ പ്രശ്നങ്ങളാണ്, കേരളത്തിൽ വിമുക്തഭടന്മാർക്ക് ഒരു കോർപ്പറേഷൻ തുടങ്ങണമെന്നുള്ളത് അവരുടെ വളരെക്കാലമായുള്ള ആവശ്യമാണ്. നിർദ്ദിഷ്ട വിമുക്തഭട കോർപ്പറേഷൻ ആരംഭിക്കണമെന്ന് ഞാൻ ബഹു. മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. പോലീസ്, എക്സൈസ് ഗാർഡ്, ഫോറസ്റ്റ് ഗാർഡ്, ഫയർ ഫോഴ്സ് തുടങ്ങിയ വകുപ്പുകളിൽ 25% സംവരണം മറ്റ് സംസ്ഥാനങ്ങളിൽ നൽകുന്നതുപോലെ നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. സഹകരണ വകുപ്പിൽ വിമുക്തഭടന്മാർക്ക് മറ്റ് വകുപ്പുകളിൽ അനുവദിച്ചിട്ടുള്ളതുപോലെയുള്ള വയസ്സിളവ് ഇതുവരെ അനുവദിച്ചിട്ടില്ല. അതുപോലെ സാമ്പത്തികസഹായം ലഭിക്കുന്നതിനുവേണ്ടി വിമുക്ത ഭടന്മാർക്കും അവരുടെ ആശ്രിതർക്കും വളരെ വർഷങ്ങൾക്കുമുമ്പുള്ള വരുമാന പരിധിയാണ് 20,000 ഉറുപ്പിക. അത് കാലോചിതമായി വർദ്ധിപ്പിച്ച് 50,000 ഉറുപ്പികയാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഇന്ന് ടെലിഫോണിനും മറ്റ് കാര്യങ്ങൾക്കുമൊക്കെത്തന്നെ വിമുക്തഭടന്മാർക്ക് മുൻഗണനയുണ്ട്. നമ്മുടെ സംസ്ഥാനത്ത് വിദ്യുച്ഛക്തി കണക്ഷനുപോലും വിമുക്തഭടന്മാർക്ക് യാതൊരു പ്രയോറിറ്റിയുമില്ല. അതുകൊണ്ട് വിദ്യുച്ഛക്തി കണക്ഷൻ ലഭിക്കാൻ അവർക്ക് പ്രയോറിറ്റി നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. മറ്റ് സംസ്ഥാനങ്ങളിൽ വിമുക്തഭടന്മാർക്കും അവരുടെ ആശ്രിതർക്കും ആശുപത്രികളിൽ വളരെയധികം പരിഗണനകൾ ലഭിക്കുന്നു. വിമുക്തഭടന്മാർക്കുവേണ്ടി പ്രത്യേക വാർഡുകൾതന്നെ ഉണ്ടാക്കിയിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തെ ആശുപത്രികളിൽ അവർക്ക് ആവശ്യമായ ചികിത്സാസൗകര്യങ്ങൾ ഏർപ്പെടുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ പ്രശ്നങ്ങളെല്ലാം കണക്കിലെടുത്ത് കോർപ്പറേഷൻ രൂപീകരിക്കുകയോ അല്ലെങ്കിൽ ഒരു ഡിപ്പാർട്ടുമെന്റ് തന്നെ ഇക്കാര്യത്തിൽ ഉണ്ടാക്കുകയോ ചെയ്യാൻ നടപടികളെടുത്തുകൊണ്ട് നമ്മുടെ അഭിമാനമായ, കാർഗിൽ ഉൾപ്പെടെയുള്ള യുദ്ധത്തിൽ മരണപ്പെടാത്ത, ജീവിച്ചിരിക്കുന്ന, നമ്മുടെ ദേശാഭിമാനികളുടെ പ്രശ്നങ്ങൾ വളരെ സജീവമായി പരിഗണിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly